## കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ

ഹാജർ : വി.കെ. ബീനാകുമാരി
ബഹു. അംഗം

**എച്ച്.ആർ.എം.പി നമ്പർ 1915/11/13/2024/TSR**

പരാതിക്കാരൻ : ശ്രീ. പവിത്രൻ. എം.വി
മുതിയിൽ വീട്, കുമ്പളങ്ങാട് ദേശം,
വടക്കാഞ്ചേരി വില്ലേജ്, തൃശൂർ.

**ഉത്തരവ് തീയതി 2024 ആഗസ്റ്റ് 7**

പരാതിക്കാരൻ കെ.എസ്.എഫ്.ഇ.യുടെ വടക്കാഞ്ചേരി ശാഖയിൽ 7/09/2020 മുതൽ 28/12/2022 വരെ താല്ക്കാലിക/ദിവസവേതന ജോലിക്കാരനായി ജോലി ചെയ്തിരുന്നു. ബ്രാഞ്ചിലെ എംപ്ലോയീസ് ഐ.ഡി. ഡി.ഇ. 4908 ആണെന്നും മേൽ പറഞ്ഞ കാലയളവിൽ വടക്കാഞ്ചേരി ശാഖയിൽ ജോലി ചെയ്തതായി ഒരു പ്രവർത്തി പരിചയ സാക്ഷ്യപത്രം ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ നൽകിയെങ്കിലും ആയത് നൽകിയില്ല എന്നതാണ് പരാതിസംഗതി.

കെ.എസ്.എഫ്.ഇ. വടക്കാഞ്ചേരി ബ്രാഞ്ച് മാനേജരുടെ റിപ്പോർട്ട് ലഭിച്ചു. "ശ്രീ. പവിത്രൻ എം.വി. മുതിയിൽ വീട്, കുമ്പളങ്ങാട്, കാഞ്ഞിരക്കോട്. പി.ഒ, തൃശൂർ എന്ന വ്യക്തിയെ ശാഖയിൽ താല്ക്കാലിക ജീവനക്കാരനായി നിയമിച്ചിട്ടില്ലാത്തതാണെന്നും കെ.എസ്.എഫ്.ഇ.യിൽ ശാഖകൾ നിയമനങ്ങൾ നടത്താറില്ലെന്നും കെ.എസ്.എഫ്.ഇ. യിൽ നിയമനാധികാരി മാനേജിംഗ് ഡയറക്ടറാണെന്നും ശാഖയുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമുള്ള സമയങ്ങളിൽ പ്രത്യേക ജോബ് വർക്കിന് ദിവസകൂലിക്ക് മറ്റുള്ളവരുടെ സേവനം ഉപയോഗപ്പെടുത്താറുണ്ടെന്നും അപ്രകാരം ഹർജികക്ഷിയുടെ സേവനവും ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നും ആയത് താൽക്കാലിക ജീവനക്കാരൻ എന്ന നിലയ്ക്കല്ലെന്നും ഈ സാഹചര്യത്തിലാണ് ടിയാൻ ആവശ്യപ്പെട്ട സാക്ഷ്യപത്രം നൽകാത്തതെന്നും റിപ്പോർട്ടിൽ പറയുന്നു.

പരാതിയും റിപ്പോർട്ടും പരിശോധിച്ചു. പരാതിക്കാരനെ കേട്ടു. ടിയാന് നിയമനം നൽകിയത് താല്ക്കാലിക ജീവനക്കാരനായിട്ടല്ല എന്നും ആയതിനാൽ സാക്ഷ്യപത്രം നൽകാനാവില്ല എന്നും കെ.എസ്.എഫ്.ഇ. ബ്രാഞ്ച് മാനേജരുടെ വാദം നീതിയുക്തമല്ല എന്ന് പരാതിക്കാരൻ കമ്മീഷനെ അറിയിച്ചു. പരാതിക്കാരന് സുഗമ അക്കൗണ്ടിലേക്ക് സാലറി ട്രാൻസ്ഫർ ചെയ്ത തുകയുടെ സ്റ്റേറ്റ്മെന്റ് പരാതിക്കാരൻ കമ്മീഷന് മുന്നിൽ ഹാജരാക്കി. പരാതിക്കാരന് എംപ്ലോയ്മെന്റ് കാർഡ് കൊടുത്തിട്ടുണ്ട്. ടി കാലയളവിൽ ബ്രാഞ്ചിൽ നിന്നും ശമ്പളം ലഭിച്ചിരുന്നത് ജോലി ചെയ്തിട്ടാണല്ലോ? എന്നാൽ ഏതു തസ്തികയിലാണ് ടിയാൻ ജോലി ചെയ്തിരുന്നത് എന്ന് റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നില്ല. റിപ്പോർട്ടിൽ ശാഖയുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമുള്ള സമയങ്ങളിൽ പ്രത്യേക

ജോബ് വർക്കിന് ദിവസകൂലിക്ക് ആളുകളുടെ സേവനം ഉപയോഗപ്പെടുത്താറുണ്ട് എന്നും പറയുന്നു. ആയതിനാൽ ടിയാൻ ജോലി ചെയ്തിരുന്ന കാലയളവ് ദിവസകൂലി ആണെങ്കിൽ ആയതു പ്രകാരം സാക്ഷ്യപത്രം നൽകാവുന്നതല്ലേ ഉചിതം എന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. മേൽ നിരീക്ഷണത്തിന്റെ അടിസ്ഥാന ത്തിൽ ടിയാൻ ജോലി ചെയ്തിരുന്ന കാലയളവിന് സാക്ഷ്യപത്രം നൽകേണ്ടതാണ് എന്ന നിർദ്ദേശം പാലിക്കാൻ വടക്കാഞ്ചേരി കെ.എസ്.എഫ്.ഇ. ബ്രാഞ്ച് മാനേ ജർക്ക് നിർദ്ദേശം നൽകുന്നു.

ഉത്തരവിന്റെ പകർപ്പ് പരാതിക്കാരനും വടക്കാഞ്ചേരി കെ.എസ്.എഫ്.ഇ. ബ്രാഞ്ച് മാനേജർക്കും നൽകുക.

ഒപ്പ്/-
**വി.കെ. ബീനാകുമാരി**
**അംഗം**
**കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ**

//ശരിപകർപ്പ്//

**രജിസ്ട്രാർ**